ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അതിനായിട്ട് പ്രത്യേകിച്ച് കേന്ദ്ര സഹായമൊന്നുമില്ല.

ശ്രീ. എം. ജിനദേവൻ : കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് പ്രളയക്കെടുതി മൂലം റോഡുകൾ ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ ഒലിച്ചുപോയിട്ടുള്ളത്. അത് ഇടുക്കി ജില്ലയുടെ മലയോരപ്രദേശങ്ങളിലാണ്. എൻറെയും ജോസ് കുറ്റിയാനിയുടെയും നിയോജക മണ്ഡലങ്ങൾ ഉൾക്കൊള്ളുന്ന റോഡുകളിലാണ് അധികവും ഒലിച്ചുപോയിട്ടുള്ളത്. എന്നാൽ അതിനുശേഷം റോഡുകൾ നന്നാക്കിയത് എല്ലാം തൊടുപുഴ നിയോജക മണ്ഡലത്തിലെ റോഡുകളിലാണ് എന്ന കാര്യം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത് സംബന്ധിച്ച് പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അങ്ങനെ ഓരോ മണ്ഡലത്തിൻറെയും കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളത്തിൽ പൊതുവെ വെള്ളപ്പൊക്കബാധിത പ്രദേശങ്ങളിൽ പ്രവർത്തനം നടത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇക്കൊല്ലത്തെ വെള്ളപ്പൊക്ക കെടുതിക്ക് സഹായം ആവശ്യപ്പെട്ട ലിസ്റ്റിൽ പി. ഡബ്ല്യു. ഡി. യുടെ നഷ്ടത്തെ സംബന്ധിച്ച് ആവശ്യപ്പെട്ടിട്ടുള്ളതായി ഇവിടെ പറഞ്ഞിരുന്നു. 267 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെന്ന് ഇപ്പോഴ അവസാനമായിട്ട് 27 കോടി രൂപയോളമാണ് സ്റ്റാൻഡിംഗ് ഒക്കെ വന്നിട്ട് പോയതിനുശേഷം അനുവദിച്ചതെന്നാണ് കാണുന്നത്. അതിൽനിന്ന് 5 കോടി രൂപ ഇവിടെ ചെലവാക്കിയത് കിഴിച്ചതിനുശേഷമാണ് സപ്ലിമെൻററി ഡിമാൻറ് പാസ്സാക്കിയതായി കാണുന്നത്. ആ അനുവദിച്ച 27 കോടി രൂപയിൽ പൊതുമരാമത്ത് വകുപ്പിനുവേണ്ടി എത്ര തുക അലോട്ട് ചെയ്തിട്ടുണ്ടെന്നും എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നതെന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അക്കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. അതിൻറെ ശരിയായ ഫിഗർ ആയിട്ടില്ല. 27 കോടി രൂപ കിട്ടിയെന്ന് പറഞ്ഞത് പൊതുമരാമത്തുവകുപ്പിന് മാത്രമല്ല ഗവൺമെൻറിനൊട്ടാകെയുമായിട്ടാണ്. അതിൽ 5 കോടി കൂടി കിട്ടണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായ തുക നിശ്ചയിച്ചു കഴിഞ്ഞിട്ടില്ല.

നീതിമേളകൾ നടത്താൻ ഗവൺമെൻറിൻറെ സഹായം

*292. [315] ശ്രീ. വി. കെ. രാജൻ :
,, കെ. പി. പ്രഭാകരൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയും മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നടന്ന നീതി മേളകൾ പരിഗണിച്ച കേസുകളുടെ സ്വഭാവം തരംതിരിച്ച് പ്രസ്താവിക്കുമോ ;

(ബി) ഈ നീതിമേളകൾ നടത്താൻ സംസ്ഥാന ഗവൺമെൻറ് എന്തൊക്കെ സഹായങ്ങൾ ചെയ്തെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വൈവാഹികം, വാഹനാപകടം, വസ്തുതർക്കം, കുറ്റകൃത്യങ്ങൾ, സർവീസ്, തൊഴിൽതർക്കം തുടങ്ങിയവയാണ് നീതിമേളയിൽ പരിഗണിച്ച കേസ്സുകളുടെ സ്വഭാവം.

(ബി) കേരള സംസ്ഥാന നിയമ സഹായബോർഡിന്റെയും കൂടി ആഭിമുഖ്യത്തിൽ നടത്തിയ നിയമ സഹായ ക്യാമ്പുകളുടെ ചെലവുകൾ ബോർഡും വഹിച്ചിട്ടുണ്ട്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ സഹകരണവും സഹായവും ക്യാമ്പുകളുടെ നടത്തിപ്പിനുവേണ്ടി ഗവൺമെന്റ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : ഇതിനകം നീതിമേളകൾ വഴി എത്ര കേസ്സുകൾക്ക് തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ ജില്ലയിലും എവിടെയൊക്കെയാണ് നീതിമേളകൾ നടത്തിയത്; അവിടെയൊക്കെ എത്ര കേസ്സുകൾക്ക് വീതം തീർപ്പ് കല്പിക്കാൻ കഴിഞ്ഞു എന്നുള്ളതിനെ സംബന്ധിച്ച വിവരം നൽകാമോ ?

ശ്രീ. കെ. എം. മാണി : നീതിമേള ക്യാമ്പുകൾ നടത്തിയത് തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം എന്നീ ജില്ലകളിലാണ്. 13 ക്യാമ്പുകളിലായി 882 കേസ്സുകൾ പരിഗണിച്ചു. അതിൽ 120 കേസ്സുകളിൽ തീർപ്പ് കല്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : വളരെയധികം കേസ്സുകൾ ഇപ്പോൾ പല കോടതികളിലും കെട്ടിക്കിടക്കുന്ന സാഹചര്യത്തിൽ ഇതു വളരെവേഗം തീർക്കുന്നതിനും പാവപ്പെട്ടയാളുകൾക്ക് വളരെ വേഗം നീതി ലഭിക്കുന്നതിനും അവർക്ക് ബുദ്ധിമുട്ടില്ലാതെ വേഗം തീർക്കുന്നതിനും ഇത്തരം ക്യാമ്പുകൾ പ്രയോജനകരമാണെന്ന് കണ്ടിട്ടുള്ള സാഹചര്യത്തിൽ അതിനു കൂടുതൽ സഹായം നൽകാനും അത് കൂടുതൽ വിപുലപ്പെടുത്തുവാനും വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഇത് കൂടുതൽ വിപുലപ്പെടുത്താൻ ശ്രമിക്കാം. പക്ഷേ കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർക്കാൻ അത് ഉപകരിച്ചുവെന്ന് വരില്ല. പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഇത് വളരെ ഫലപ്രദമാണ്. ഗുണകരമാണ്. ഇത് ചെയ്യണം. ഇത് കൂടുതൽ വ്യാപകമാക്കണം.

ശ്രീ. പി. കുമാരൻ : സർ, കേരളത്തിൽ എത്ര നീതിമേളകൾ ആകെ നടന്നു ?

മിസ്റ്റർ സ്പീക്കർ : അങ്ങേക്ക് ചോദ്യമില്ലെങ്കിൽ വേണ്ട.

ശ്രീ. കെ. പി. പ്രഭാകരൻ ചോദിച്ചത് അതുതന്നെയാണ്. വേറെ ചോദ്യമുണ്ടോ ?

ശ്രീ. പി. കുമാരൻ : ഉവ്വ്. നീതിമേളകൾ നടത്തുന്നതിന് എത്ര സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ട് ?

ശ്രീ. കെ. എം. മാണി : സാമ്പത്തികമായി സഹായം തിരുവനന്തപുരത്ത് സംഘടിപ്പിച്ച ക്യാമ്പിന് 12,169 രൂപ കൊടുത്തു. കോഴിക്കോട്ടേയും കോട്ടയത്തേയും ക്യാമ്പുകൾക്ക് 15,000 രൂപ വീതവും അലോട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് കല്ലംപള്ളി : കേരള സ്റ്റേറ്റ് ലീഗൽ എയ്ഡ് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന മൂന്നു ക്യാമ്പുകളെപ്പറ്റി പറഞ്ഞു. സ്വകാര്യ ഏജൻസികളും മറ്റു സംഘടനകളും നീതിമേളകൾ വ്യാപകമായി നടത്തുന്നുണ്ട്. ഈ നീതിമേളകളോട് ഗവൺമെൻറിന്റെ നിലപാട് എന്താണ്; ഈ നീതിമേളകൾ പലപ്പോഴും കുഴപ്പങ്ങളുണ്ടാക്കുന്നുയെന്നുള്ളത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ആയിരം പുഷ്പങ്ങൾ വിരിയട്ടെ എന്നു പറയുന്നതുപോലെ നീതിമേളകൾ കൂടുതലായിട്ട് നടക്കട്ടെ, പക്ഷെ മറ്റു കാര്യമേയുള്ളു. ഗവൺമെൻറിന്റെ ആഭിമുഖ്യത്തിലുള്ള ബോർഡ് നടത്തുന്ന ഈ നീതിമേളകളെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ സഹകരണമുണ്ട്. അതിന്റെ ചെലവുകൾ ഗവൺമെൻറ് വഹിക്കും. അത് കൂടുതലായിട്ടുള്ള മെഷീനറി സ്ട്രെങ്തൻ ചെയ്യും. മറ്റുള്ളതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് ആവശ്യമായ സപ്പോർട്ട് കൊടുക്കും. അത് സാമ്പത്തികമായ സപ്പോർട്ടല്ല.

ശ്രീ. എസ്. ആർ. തങ്കരാജ് : ഈ നീതിമേളകൾ നടത്തുന്നതിന് എന്തെങ്കിലും ഗൈഡ്ലൈൻസ് കൊടുത്തിട്ടുണ്ടോ ; ഗൈഡ് ലൈനുകൾ കൊടുത്തിട്ടുണ്ടെങ്കിൽ അത് എന്താണെന്നും ഇതിൽ ഏതെങ്കിലും സിറ്റിംഗ് ജഡ്ജിമാർ പങ്കെടുത്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആരാണെന്നും വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : അതിനകത്ത് ഒരു ബുദ്ധിമുട്ടുള്ളത് കേന്ദ്ര ഗവൺമെൻറ് ആദ്യം നടത്തിയ മോഡൽ ബൈല അനുസരിച്ച് കേരള ഗവൺമെൻറ് ലീഗൽ എയ്ഡ് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുവെങ്കിലും അതിൽ കേരളാ ചീഫ് ജസ്റ്റീസ് നിയോഗിക്കുന്ന ഒരു ജഡ്ജി ഇതിലെ വൈസ് പ്രസിഡൻറായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും കേരള ഹൈക്കോടതി അതിന്റെ സബോർഡിനേറ്റ് ജുഡീഷ്യറിയോട് കേരള ഗവൺമെൻറിന്റെ ബോർഡുമായി സഹകരിക്കേണ്ടതില്ലായെന്ന് ഒരു സർക്കുലർ ആദ്യം കൊടുക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം സിറ്റിംഗ് ജഡ്ജിമാർ നമ്മുടെ ബോർഡുമായി സഹകരിച്ചിട്ടില്ലായെന്നുള്ളതാണ് വസ്തുത.

ശ്രീ. ഇ. കെ. നായനാർ : 12,000 രൂപയും 15,000 രൂപയും സർക്കാർ ചെലവഴിച്ചു. എന്നാൽ കണ്ണൂർ ജില്ലയിൽ ഈ നീതിമേള കണ്ടില്ല. സർക്കാർ പണം ചെലവാക്കിയിട്ടില്ല. എന്താണ് പ്രത്യേകിച്ച് ഒരു ജില്ലയോട് ഗവൺമെൻറ് വിരോധം കാണിക്കുന്നത് എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. എം. മാണി : അങ്ങനെ വിവേചനമൊന്നുമില്ല. കണ്ണൂർ ജില്ലയിൽ ഗവൺമെൻറ് നടത്തിയിട്ടില്ല, ഗവൺമെൻറ് നടത്തിയതു കാസർകോടും. . . . . .

ശ്രീ. ഇ. കെ. നായനാർ : കണ്ണൂർ ജില്ലയോട് കാണിക്കുന്ന അവഗണന എന്തിനാണ് എന്നാണ് എന്റെ ചോദ്യം. കണ്ണൂരിൽ നടത്താത്തത് എന്താണ് ?

ശ്രീ. കെ. എം. മാണി : അവിടെ വേറെ ഏതോ ഒരു ഏജൻസി നടത്തുന്നതാണ്. അതുകൊണ്ട് ഗവൺമെൻറ് കാശുകൊടുക്കുന്നില്ലായെന്ന് മാത്രമേയുള്ളു. ഗവൺമെൻറിന് അതിന് ഉത്തരവാദിത്വമില്ല. ഗവൺമെൻറിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നതിന് ഗവൺമെൻറ് കാശ് കൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : കേന്ദ്ര ഗവൺമെൻറിൻെറ മോഡൽ അനുസരിച്ച് സ്റേറററ് ഗവൺമെൻറ് നടത്തി. കണ്ണൂർ ജില്ലയിൽ പൈസ കൊടുത്തിട്ടില്ല. അതിനെപ്പററിയുള്ള മറുപടിയല്ല തരുന്നത്. എന്തുകൊണ്ട് കൊടുത്തില്ല ?

ശ്രീ. കെ. എം. മാണി : ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഒരു കാര്യം പറയുകയാണ്. കണ്ണൂരോ പാപ്പിനിശ്ശേരിയിലോ നമുക്ക് അടുത്തപ്രാവശ്യം ഒരു ക്യാമ്പ് നടത്താം. അതിനുള്ള എല്ലാ സപ്പോർട്ടും തരാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിന് നേതൃത്വം കൊടുത്താൽ മതി.

ശ്രീ. പി. സീതി ഹാജി : ഇവിടെ സർക്കാർ സഹായത്തോടുകൂടി നീതിമേള നടത്തുന്നുണ്ട്. പ്രൈവററ് മേഖലയിലും നടത്തുന്നുണ്ട്. പ്രൈവററ് മേഖലയിൽ എടുക്കുന്ന തീരുമാനങ്ങൾക്ക് എതിരുമുണ്ടെങ്കിൽ ഹൈക്കോടതിയിൽ വല്ല കത്തുമയച്ചാൽ അത് റിട്ടായി പരിഗണിക്കാൻ വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. കെ. എം. മാണി : ഹൈക്കോടതിയിൽ ലെററയച്ചാൽ അത് റിട്ടായി പരിഗണിക്കുന്ന ഒരു നടപടിക്രമം ഉണ്ട്. അത് ഇതുമായി ബന്ധപ്പെട്ടതല്ല. ആർക്കും ലററയക്കാം. ഇൻലെൻറ് ലററർ വരികയാണെങ്കിലും അത് റിട്ടായി കൺവർട്ട് ചെയ്യും. പക്ഷെ സർക്കാരിന് കോർട്ട് ഫീസ് നഷ്ടപ്പെടുന്നുയെന്നുള്ളതു വളരെ ഗൗരവകരമായ കാര്യമാണ് എന്നുമാത്രമേ എനിക്കു പറയാനുള്ളു.

ശ്രീ. എ. വി. താമരാക്ഷൻ : കേന്ദ്ര നിയമവകുപ്പുമന്ത്രി പങ്കെടുത്ത, സുപ്രീം കോടതി ജസ്ററിസ്സും കേരളത്തിലെയും ഇൻഡ്യൻ ഹൈക്കോടതി ജഡ്ജിമാരും പങ്കെടുത്തു നടത്തുന്ന "ലോക്ക് അഡാലത്തിൻെറ" കീഴിൽ കേരളത്തിൽ നടന്ന നീതിമേളകളിൽ സംസ്ഥാന ഗവൺമെൻറ് സഹകരിക്കുന്നില്ല. മറെറല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും സഹകരിക്കുമ്പോഴും കേരളത്തിൽമാത്രം സംസ്ഥാന ഗവൺമെൻറ് സഹകരിക്കാത്തതെന്തെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : അത് എനിക്ക് മനസ്സിലാകുന്നില്ല. സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഒരിടത്തും സഹകരിക്കാതെ ഇരുന്നിട്ടില്ല. ഓരോരുത്തരും ക്യാമ്പ് നടത്തുന്നതിന് ചെലവ് സർക്കാർ ഖജനാവിൽനിന്ന് കൊടുക്കുക എന്നു വച്ചാൽ അതിന് ഒരു അവസാനവും വരികയില്ല. ആരു നടത്തിയാലും ഗവൺമെൻറിൻെറ ആഭിമുഖ്യത്തിലുള്ള ക്യാമ്പുകൾക്കല്ലാതെ സർക്കാർ പണം ചെലവ് ചെയ്യുകയില്ല. ബാക്കിയുള്ള സപ്പോർട്ട് കൊടുക്കും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇന്ന് ഗവൺമെൻറ് നടത്തിവരുന്ന രണ്ട് നീതിമേളകളിലും പങ്കെടുത്ത ഒരാളാണ് ഞാൻ. അതിൻെറ എക്സിക്യൂട്ടീവിൽ ഞാനുണ്ടെന്നാണ് നിയമവകുപ്പുമന്ത്രി പറയുന്നത്. ഈ രണ്ടു നീതിമേളകളും പ്രതീക്ഷയ്ക്കൊത്തവണ്ണം ഉയർന്നിട്ടില്ലായെന്നുള്ള വിവരം മന്ത്രിക്ക് അറിയാമോ ? അതിൽ പ്രധാന പങ്കുവഹിക്കേണ്ട എക്സിക്യൂട്ടീവ് കേസ്സുകളൊന്നും തീരുമാനമാകാതെ വേണ്ടത്ര മുൻകരുതലുകളും എടുക്കാത്തതുകൊണ്ട് പല കേസ്സുകളും തീരുമാനമാകാതെ വളരെ ഞുഷ്ക്കിച്ചുപോകുന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ കോടതികളിൽ ജില്ലാ നിലവാരത്തിലുള്ള ജഡ്ജിമാരുടെ സഹകരണം വേണ്ടത്ര ലഭിക്കാത്തതുകൊണ്ട് ആ നടപടിയും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതുകൊണ്ടു നീതിമേളകൾ അർത്ഥപൂർണ്ണമായി നടത്താൻ അടിയന്തിരമായ നടപടികൾ ഗവൺമെൻറ് എടുക്കുമോ എന്ന കാര്യമാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. കെ. എം. മാണി : ഇത് ക്ലബ് ചെയ്ത കാര്യങ്ങളാണ്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ ഈ ലീഗൽ എയ്ഡ് ബോർഡിലെ വളരെ സമുന്നതനായ ഒരു മെമ്പറാണ് ഞങ്ങളെല്ലാവരും കൂടെ ശ്രമിച്ചു. ഞങ്ങളുടെ പ്രതീക്ഷ വളരെ വലുതായിരുന്നു. നമ്മുടെ പ്രതീക്ഷക്കൊത്ത് ഉയരാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മോശമായി എന്ന് അർത്ഥമില്ല. വളരെ ഫലവത്തായി ഇതിന്റെ പ്രവർത്തനങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. ഇത് ഇഫക്ടീവ് ആകണമെങ്കിൽ നമുക്ക് ഒരു മോഡൽ നിയമമുണ്ടാകണം. ഇത് ഞാൻ സഭയുടെ അറിവിലേക്ക് പറയുകയാണ്. കേന്ദ്ര ഗവൺമെൻറിൽ "സിലാസ്", എന്നൊരു സ്ഥാപനമുണ്ട്.

"Committee for Conducting legal cases"

ഈ സിലാസ് ഒരു ഗൈഡ് ലൈൻ നൽകിയിട്ടുണ്ട്. ഈ ഗൈഡ് ലൈൻ അനുസരിച്ച് എക്സിക്യൂട്ടീവ് ഓർഡറിന്റെ അടിസ്ഥാനത്തിൽ നമ്മൾ ബോർഡുകളുണ്ടാക്കിയിട്ടുണ്ട്. കർണ്ണാടക സ്റ്റേറ്റിൽ മാത്രമേ ഇന്ത്യയിൽ ഒരു ലെജിസ്ലേഷൻ ഉണ്ടായിട്ടുള്ളു. കേരള സംസ്ഥാനത്ത് നമ്മുക്ക് ഒരു ലെജിസ്ലേഷനുണ്ടാക്കാൻ വേണ്ടി ഗവൺമെൻറ് ആലോചിച്ച് വരുമ്പോഴാണ് കേന്ദ്രഗവൺമെൻറ് ഇതിനെ സംബന്ധിച്ച് ഒരു മോഡൽ ലെജിസ്ലേഷനുണ്ടാക്കിയെന്ന് പറഞ്ഞുകൊണ്ട് ഡൽഹിയിൽ ഒരു കോൺഫറൻസ് വച്ചത്. പക്ഷെ കേന്ദ്രഗവൺമെൻറിന്റെ ആ മോഡൽ ലെജിസ്ലേഷനുവേണ്ടി കാത്തിരിക്കുകയാണ്. ആ ലെജിസ്ലേഷനുണ്ടായി കഴിഞ്ഞാൽ നമ്മുടെ പ്രതീക്ഷ അനുസരിച്ച് ഇതിനു പൗവ്വറുണ്ടാകും. ഇതിന്റെ ഡിസിഷൻ ഫോഴ്സുണ്ടാകും. അപ്പോൾ ആ നിലയിൽ ഇഫക്ടീവ് ആകണമെങ്കിൽ ലെജിസ്ലേഷൻ വേണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

പൊതുമരാമത്തു വകുപ്പിലെ കോഡുകളും മാനുവലുകളും

* 293 [316] ശ്രീ. കെ. എം. ഹംസക്കുഞ്ഞ് :
,, പി. വി. മുഹമ്മദ് :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിൽ ഇന്ന് നിലവിലുള്ള കോഡുകളും മാനുവലുകളും കാലോചിതമല്ല എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഷ്കരിക്കുന്നതിന് ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly